ജനയുഗം
JANAYUGOM

18 September 2018



രാജ് ഭാഷാ ഗൗരവ് പുരസ്കാരം സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണനും മാരികൾച്ചർ വിഭാഗം മേധാവി ഡോ. ഇമൽഡ ജോസഫും ഉപരാഷ്ട്രപതി വെങ്കയ്യ നായിഡുവിൽ നിന്നും സ്വീകരിക്കുന്നു. ആഭ്യന്തര മന്ത്രി രാജ്നാഥ് സിംഗ് സമീപം

# ഡോ. ഗോപാലകൃഷ്ണനും ഡോ. ഇമൽഡ ജോസഫിനും രാജ് ഭാഷാ പുരസ്കാരം

കൊച്ചി: ഹിന്ദിയിലെ ഏറ്റവും മികച്ച പ്രബന്ധത്തിനുള്ള കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ രാജ് ഭാഷാ ഗൗരവ് പുരസ്കാരം കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണനും മാരികൾച്ചർ വിഭാഗം മേധാവി ഡോ. ഇമൽഡ ജോസഫിനും ലഭിച്ചു. ഉപരാഷ്ട്രപ്രതി വെങ്കയ്യ നായിഡു പുരസ്കാരം നൽകി.

മത്സ്യത്തൊഴിലാളികളുടെ വരുമാനം ഇരട്ടിയാക്കുന്നതിന് സമുദ്രകൃഷി സാങ്കേതികവിദ്യ എന്ന പ്രബന്ധത്തിനാണ് പുരസ്കാരം. ഡോ ഇമൽഡ ജോസഫും ഡോ ഗോപാലകൃഷ്ണനും ചേർന്ന് എഴുതിയ എഴുതിയ പ്രബന്ധത്തിന് അഖിലേന്ത്യാ തലത്തിൽ രണ്ടാം സ്ഥാനം ലഭിച്ചു. സിഎംഎഫ്ആർഐയുടെ ഹിന്ദി മാഗസിനായ മത്സ്യഗന്ധയിലാണ് പ്രബന്ധം പ്രസിദ്ധീകരിച്ചത്.

ആഭ്യന്തര മന്ത്രി രാജ്നാഥ് സിംഗ്, സഹമന്ത്രി കിരൺ റിജിജു എന്നിവരുടെ സാന്നിധ്യത്തിലായിരുന്നു പുരസ്കാര സമർപ്പണം.